## പതിമൂന്നാം കേരള നിയമസഭ
## 13-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2015** | **17/03/2015 ൽ മറുപടിയ്ക്ക്**

### കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഷാഫി പറമ്പിൽ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>വനവും പരിസ്ഥിതിയും ഗതാഗതവും<br>സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |
| (എ) കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നതിനായി കർമ്മപദ്ധതി രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) ഉണ്ട്. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള ദോഷഫലങ്ങളെ ചെറുക്കുന്നതിനും ലഘൂകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുക, സുസ്ഥിര വികസനം സാദ്ധ്യമാകുന്ന രീതിയിൽ പാരിസ്ഥിതിക വിഷയങ്ങൾക്ക് മുൻതൂക്കം നൽകി വികസന പദ്ധതികൾ ആസൂത്രണം ചെയ്യുക, ദേശീയ കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതിയിലെ സംസ്ഥാനവുമായി ബന്ധപ്പെട്ട മുൻഗണനാ വിഷയങ്ങൾക്ക് പരിഹാരം കാണുക, കാലാവസ്ഥാ വ്യതിയാന ആഘാതത്തിൽ നിന്ന് സംസ്ഥാനത്തെ പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കുക, നിലവിലുള്ളതും ഭാവിയിൽ സംഭവിക്കാവുന്നതുമായ കാലാവസ്ഥാ വ്യതിയാന ആഘാതങ്ങളെ നേരിടാൻ സംസ്ഥാനത്തെ സജ്ജമാക്കുക തുടങ്ങിയവയാണ് സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (ബി) പദ്ധതിക്ക് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ യെന്നും എത്ര തുക അനുവദിച്ചുവെന്നും വിശദമാക്കുമോ;<br><br>(സി) പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ ? | (ബി)യും (സി)യും പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടില്ല. 2014-15 സാമ്പത്തിക വർഷത്തിൽ 100% കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിക്ക് അനുയോജ്യമായ മേഖലകൾ കണ്ടെത്തുന്നതിനായി യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (UNDP)-ന്റെ സഹായത്തോടെ വിവിധ ഏജൻസികളുമായി ബന്ധപ്പെട്ട് പഠനങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ